"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അഴിക്കോട് ഗ്രാമ പഞ്ചായത്ത്-ശ്രീമതി.സരസ്വതി, വാടി ഹൗസ്, ചാൽ കോളനി എന്നയാൾക്ക് ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തി ബാക്കി ഗഡു കൂടി നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

G.O.(Rt)No.432/2021/LSGD തീയതി,തിരുവനന്തപുരം, 15/02/2021

---

പരാമർശം:- 1 അഴിക്കോട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 29/07/2020ലെ എ-3129/19-ാം നമ്പർ കത്ത്

2 കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01/10/2020-ാം തീയതിലെ കത്ത്.

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 21/10/2020-ലെ 4.42-ാം നമ്പർ തീരുമാനം.

**ഉത്തരവ്**

ശ്രീമതി. സരസ്വതി, വാടി ഹൗസ്, ചാൽ കോളനി എന്ന ആൾ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നില്ലെന്നും. ഇവർക്ക് വീട് നിർമ്മാണത്തിന് 2 ഗഡുക്കളായി ആകെ 2.00 (രണ്ട്) ലക്ഷം രൂപ നൽകിയെന്നും ഇവരെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തി ബാക്കി ഗഡു കൂടി നൽകാൻ അനുമതി നൽകണമെന്നുമുള്ള അഴിക്കോട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പരാമർശം(1) അപേക്ഷ കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസർ പരാമർശം (2) പ്രകാരം സർക്കാരിലേയ്ക്ക് അയച്ചു നൽകിയിരുന്നു.

ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ വിശദമായി പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം (3) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. സരസ്വതി, വാടി ഹൗസ്, ചാൽ കോളനി എന്ന ആൾക്ക് പകുതി ധന സഹായം നൽകിയ സ്ഥിതിക്ക് ടി നടപടിയ്ക്ക് സാധൂകരണം നൽകുന്നതോടൊപ്പം ബാക്കി ഗഡു കൂടി നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. എന്നാൽ ലൈഫ് ലിസ്റ്റിൽ ഇല്ലാത്ത ഗുണഭോക്താവിന് വീട്ടു നിർമ്മാണത്തിന് 2.00 ലക്ഷം രൂപ നൽകിയത് നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുണ്ടായ ഗുരുതര വീഴ്ചയാണ്. ആയതിനാൽ ഇതു പരിശോധിച്ച് നടപടിയെടുക്കാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

ഗ്രാമവികസന കമ്മീഷണർ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ജില്ലാ പ്ലാനിംഗ് ഓഫീസർ, കണ്ണൂർ

സെക്രട്ടറി/പ്രസിഡന്റ്, അഴീക്കോട് ഗ്രാമ പഞ്ചായത്ത്.

ശ്രീമതി. സരസ്വതി, വാടി ഹൗസ്, ചാൽ കോളനി(അഴീക്കോട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖാന്തിരം)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by DEENAMMA P A
Date: 2021.02.15 13:47:35 IST
Reason: Approved
സെക്ഷൻ ഓഫീസർ